## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3143** **19/06/2018 ൽ** മറുപടിക്ക്

## പാലക്കാട് ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | പാലക്കാട് ജില്ലയിൽ പൊതുകുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത കുളങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി- കൾ എന്നിങ്ങനെ വേർതിരിച്ച് വെളിപ്പെടുത്തുമോ; | എ) പാലക്കാട് ജില്ലയിലെ 88 ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി 537 കുളങ്ങൾ തെരഞ്ഞെടുത്തു.<br>പാലക്കാട്, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി എന്നീ നഗരസഭകളിലെ 28 കുളങ്ങൾ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്കായി മൊത്തം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ 15,69,12,000/- രൂപ വകയിരുത്തുകയും നഗരസഭകളിൽ 1,13,00,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| സി) | ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതു കുളങ്ങളാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ കുളങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുകയും വ്യക്തമാക്കാമോ? | സി) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കോഴിക്കുളം, കരുമനശ്ശേരിക്കുളം, തിരുവറക്കുളം, ചിറക്കുളം, ഓണക്കുളം എന്നീ കുളങ്ങൾക്കായി 11,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. മേലാർകോട് ഗ്രാമ പഞ്ചായത്തിലെ തെക്കേത്തറ ചെറുകുളം, അറ്റാലവേട്ട കുരമൻകുളം, കടവിൽപറമ്പ് കൊക്കർണ്ണി, കല്ലൻപാട് തെക്കേത്തറകുളം എന്നീ കുളങ്ങൾക്കായി 9,91,430/- രൂപ വകയിരുത്തിയിട്ടുണ്ട്. തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിലെ ഓറോട്ടുകുളം, ഐലാകുളം, മാങ്ങോട്ടുകുളം, മാങ്ങോട്ടുകുഴി, പൊട്ടക്കുളം, വാലിക്കുളം, മീനുക്കോട്ടുകുളം എന്നീ കുളങ്ങൾക്കായി 18,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ